പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4104 20-03-2018-ലെ

മറുപടിയ്ക്ക്

## കേരള അഗ്രോബിസിനസ്സ് കമ്പനി രൂപീകരണം

| ചോദ്യം | | മറുപടി | |
| --- | --- | --- | --- |
| | **ശ്രീ.ഹൈബി ഈഡൻ** | | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) | കാർഷിക മേഖലയിലെ വികസനത്തിനായി സർക്കാർ നടത്തുന്ന ഇടപെടലുകൾ എന്തൊക്കെയാണ്; | (എ) | ഈ സർക്കാർ വന്നശേഷം കാർഷികരംഗത്ത് വലിയ മുന്നേറ്റം ഉണ്ടാക്കുന്ന പല പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്.<br>വിളവിസ്തൃതിക്കും ഉൽപ്പാദനവർദ്ധനവിനുമായി നെൽകൃഷി വികസനം, പച്ചക്കറികൃഷിവികസനം, കിഴങ്ങ്-പയർവർഗ്ഗ വിളകളുടെ വികസനം, നാളികേര വികസനം, സുഗന്ധ വ്യഞ്ജന വിള വികസനം തുടങ്ങിയ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>മണ്ണിന്റേയും വിളയുടേയും ആരോഗ്യ പരിപാലനത്തിനും ഉത്പാദനക്ഷമത ഉയർത്തുന്നതിനും വിള ആരോഗ്യപരിപാലന രംഗത്തും കാര്യമായ ഇടപെടലുകൾ നടത്തുന്നു.<br>പ്രാദേശിക പ്രാധാന്യമുള്ള വിളകൾക്കുള്ള പ്രോൽസാഹനം, ഹൈ-ടെക്, ജൈവകൃഷി രീതികളുടെ പ്രചരണം എന്നിവയ്ക്ക് കൂടുതൽ പ്രാധാന്യം നൽകി,കർഷകർക്ക് ആവശ്യമായ കാർഷിക സേവനങ്ങൾക്കും ഗുണമേൻമയുള്ള നടീൽവസ്തുക്കളുടെ വിതരണത്തിനും ഊന്നൽ നൽകുന്ന പദ്ധതികൾ നടപ്പിലാക്കി.<br>കാർഷിക ഉൽപ്പന്നങ്ങൾക്ക് കൂടുതൽ വില ലഭിക്കുന്നതിന് ഓണത്തിനും വിഷുവിനും കാർഷിക വിപണി എല്ലാ പഞ്ചായത്തുകളിലും നടപ്പിലാക്കി. ഓണത്തിനായി വീട്ടുവളപ്പിൽ പച്ചക്കറികൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി ഓണത്തിന് "ഒരു മുറം പച്ചക്കറി" യെന്ന പദ്ധതി നടപ്പിലാക്കി. പരമ്പരാഗത, നാടൻ വിത്തിനങ്ങളുടെ ജൈവവൈവിധ്യ സംരക്ഷണത്തിന് പ്രോൽസാഹനം ലക്ഷ്യമിട്ടുകൊണ്ടുള്ള |

പദ്ധതികൾ നടപ്പിലാക്കി. അട്ടപ്പാടിയിൽ ചെറുധാന്യങ്ങളുടെ അഭിവൃദ്ധിക്കായി "മില്ലറ്റ് വില്ലേജ്" പദ്ധതി ആവിഷ്കരിച്ച നടപ്പിലാക്കി.

വ്യക്തിഗതമായും, ഗ്രൂപ്പ് അടിസ്ഥാനത്തിലും സംരംഭകർക്ക് സംസ്കരണ മൂല്യവർദ്ധന യൂണിറ്റുകൾ ആരംഭിക്കുന്നതിന് ആവശ്യമായ സാങ്കേതിക സാമ്പത്തിക സഹായം SFAC മുഖേന നൽകിവരുന്നു.

| | |
|---|---|
| **(ബി)** മൂല്യവർദ്ധിത ഉല്പന്ന നിർമ്മാണത്തിന് പ്രത്യേക ഊന്നൽ നൽകുന്നുണ്ടോ; വിശദമാക്കുമോ; | **(ബി)** മൂല്യവർദ്ധിത ഉല്പന്ന നിർമ്മാണത്തിന് പ്രത്യേക ഊന്നൽ നൽകി ആദ്യഘട്ടം എന്ന നിലയിൽ 5 അഗ്രോ പാർക്കുകൾ സ്ഥാപിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. നാളികേരത്തിന് രണ്ട് അഗ്രോ പാർക്കുകൾ കോഴിക്കോട് കുത്താളി ഫാമിലും, മലപ്പുറം മുണ്ടേരി സീഡ് ഗാർഡൻ കോംപ്ലക്സിലും, വാഴപ്പഴം-തേൻ എന്നിവയ്ക്കുള്ള അഗ്രോ പാർക്ക് തൃശ്ശൂർ ജില്ലയിലെ കണ്ണാറ ഫാമിലും, മാമ്പഴത്തിന് അഗ്രോ പാർക്ക് പാലക്കാട് ജില്ലയിലെ മുതലമട ഫാമിലും, പച്ചക്കറികൾക്ക് അഗ്രോ പാർക്ക് ഇടുക്കി ജില്ലയിലെ വട്ടവടയിലുള്ള പഴത്തോട്ടത്തിലുമാണ് സ്ഥാപിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളത്. ഇതിനുള്ള നടപടികൾ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ (KAICO) നേതൃത്വത്തിൽ നടന്നുവരുന്നു. |
| **(സി)** കേരള അഗ്രോബിസിനസ്സ് കമ്പനി രൂപീകരണം ഏത് ഘട്ടത്തിലാണ്; ഇതിലൂടെ കർഷകർക്ക് എന്തൊക്കെ സൗകര്യങ്ങൾ നൽകുന്നതിനാണ് ഉദ്ദേശിക്കുന്നത്? | **(സി)** കേരള അഗ്രോബിസിനസ്സ് കമ്പനി (KABCO) രൂപീകരിക്കുന്നതിനുള്ള Memorandum of Association -ന്റെയും Article of Association -ന്റെയും നക്കൽ സർക്കാർ പരിഗണിച്ചുവരുന്നു. കേരളത്തിലെ അഗ്രോ ബിസിനസ്സ് വികസിപ്പിക്കുക, പ്രത്യേകിച്ച് കേരളത്തിലെ സ്വന്തം ഉൽപ്പന്നങ്ങൾക്ക് പ്രത്യേക ഊന്നൽ നൽകി കൊണ്ട് ദേശീയമായി വിപണന സംവിധാനം ഒരുക്കുക, കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ അഗ്രോ പാർക്കുകൾ സ്ഥാപിക്കുക, കർഷകർക്ക് അവരുടെ കാർഷിക ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ലഭ്യമാക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുക, കാർഷിക മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപാദനത്തിനും വിപണനത്തിനും പ്രോത്സാഹനം നൽകുക എന്നിവയാണ് KABCO യുടെ പ്രധാന ഉദ്ദേശ്യ ലക്ഷ്യങ്ങൾ. |

സെക്ഷൻ ഓഫീസർ